150 YEARS OF CELEBRATING THE MAHATMA

Break the chain

<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ: M.അഞ്ജന ഐ എ എസ് )

ഉത്തരവ് നം. -SJD/3814/2021-C3

തിരുവനന്തപുരം,
തീയതി. 27/03/2022

വിഷയം: സാമൂഹ്യനീതി വകുപ്പ്-ട്രാൻസ് ജെൻഡർക്ഷേമം-ട്രാൻസ് ജെൻഡർ വ്യക്തികൾക്ക് അടിയന്തിര ഘട്ടങ്ങളിൽ സഹായം ലഭ്യമാക്കുന്നതിനുള്ള കരുതൽ പദ്ധതി -മലപ്പുറം ജില്ലാസാമൂഹ്യനീതി ഓഫീസർക്ക് ബാലൻസ് തുക അനുവദിച്ച ഉത്തരവാകുന്നു.

പരാമർശം : 1)സ ഉ (സാ ധാ)നം11/2022/സാനീവ തീയതി 10/01/22
2)സാമൂഹ്യനീതി ഡയറക്ടറുടെ 06/03/2022 തീയതിയിലെ SJD/3814/2021-C3 ഉത്തരവ്
3)മലപ്പുറം ജില്ലാസാമൂഹ്യനീതി ഓഫീസറുടെ 25/03/22 തീയതിയിലെ കത്ത്

സംസ്ഥാനത്ത് ട്രാൻസ്ജെൻഡർ വ്യക്തികളുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി നിരവധി ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നുണ്ട് . ട്രാൻസ്ജെൻഡർ വ്യക്തികൾ ഭൂരിഭാഗംപേരും സ്വന്തം കുടുംബങ്ങളിൽ നിന്നും അസ്തിത്വത്തിൻറെ പേരിൽ പുറത്താക്കപ്പെട്ട് സമൂഹത്തിൽ ഒറ്റപ്പെട്ട ജീവിതം നയിക്കുന്നവരാണ്. നിരവധി പ്രതിസന്ധികളെ അഭിമുഖീകരിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ നിരാശ്രയരായി ഇവർ ആത്മഹത്യയിൽ അഭയം പ്രാപിക്കുന്നതായി കണ്ടുവരുന്നു. ഇതിന് ഒരു പരിഹാരമെന്ന നിലയിൽ അടിയന്തര ഘട്ടങ്ങളിൽ സഹായം ലഭ്യമാക്കുന്നതിനായി കരുതൽ എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുന്നതിനും ആയതിലേക്ക് 14 ലക്ഷം രൂപ ഫണ്ട് അനുവദിച്ചും പരാമർശം(1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട് പെട്ടെന്നുണ്ടാകുന്ന അസുഖങ്ങൾ , അപകടങ്ങൾ, പ്രകൃതി ദുരന്തങ്ങൾ ,ലിംഗമാറ്റ ശസ്ത്രക്രിയ തുടർന്നുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ, അസ്തിത്വത്തിന് പേരിൽ പേരിൽ കുടുംബങ്ങളിൽ നിന്ന് പുറത്താക്കപ്പെടൽ, വിവിധതരത്തിലുള്ള സാമൂഹ്യ പ്രശ്നങ്ങൾ തുടങ്ങിയ പ്രതിസന്ധിഘട്ടങ്ങളിൽ ജില്ലാകളക്ടർ ചെയർമാൻ ആയിട്ടുള്ള ഉപദേശക സമിതി മുഖേന അടിയന്തര ധനസഹായം ലഭ്യമാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ടി പദ്ധതി നടപ്പിലാക്കുന്നതിനായി പരാമർശം (2) പ്രകാരം ഒരു ജില്ലയ്ക്ക് 25000/- രൂപ വീതം (ഇരുപത്തിയയ്യായിരം രൂപ മാത്രം) 14 ജില്ലകൾക്ക് 3.50 ലക്ഷം രൂപ (മൂന്നു ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) ജില്ലാ സാമൂഹ്യനീതി ഓഫീസർമാരുടെ പേരിൽ അനുവദിച്ച നൽകിയിരുന്നു.

കമീല എന്ന ട്രാൻസ് ജെൻഡർ വ്യക്തി അപകടം സംഭവിച്ചതിനെ തുടർന്നുണ്ടായ ചികിത്സാ ചെലവിലേക്ക് കരുതൽ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിലേക്കായി പരാമർശം (3) പ്രകാരം മലപ്പുറം ജില്ലാ ഓഫീസർ അപേക്ഷ സമർപ്പിട്ടുണ്ട്. ടി വ്യക്തിക്ക് 1,83,142/- രൂപ ചെലവ് വന്നിട്ടുള്ളതായി രേഖകൾ സമർപ്പിട്ടുള്ളതായും തുക അനുവദിക്കുന്നതിനുള്ള അനുമതിക്കായി 30/03/2022 ന് ഉപദേശക സമിതിയുടെ ആദ്യയോഗം ചേരുവാൻ തീരുമാനിച്ചിട്ടുണ്ടെന്നും മലപ്പുറം ജില്ലാ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് . ആദ്യം അനുവദിച്ച 25000/-രൂപ കൂടാതെ 75000/-രൂപ കൂടി കമീല എന്ന ട്രാൻസ് ജെൻഡർ വ്യക്തിക്ക് അപകടം സംഭവിച്ചതിനെ തുടർന്നുണ്ടായ ചികൽസ ചിലവിലേക്ക് അനുവദിക്കണമെന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ട്രാൻസ് ജെൻഡർ വ്യക്തികൾക്ക് അടിയന്തിര ഘട്ടങ്ങളിൽ സഹായം ലഭ്യമാക്കുന്നതിനുള്ള കരുതൽ പദ്ധതി പ്രകാരം മലപ്പുറം ജില്ലാസാമൂഹ്യനീതി ഓഫീസർക്ക് ബാലൻസ് തുകയായ 75000/-(എഴുപത്തിയയ്യായിരം രൂപ മാത്രം) അനുവദിച്ച ഉത്തരവാകുന്നു.ഇതിലേക്കാവശ്യമായ തുക നടപ്പ സാമ്പത്തിക വർഷത്തെ 2235-60-200-64(പി)ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണ്.ധനവിനിയോഗസാക്ഷ്യപത്രം

യഥാസമയം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

M. ANJANA IAS
സാമൂഹ്യനീതി ഡയറക്ടർ

ജില്ല സാമൂഹ്യ നീതി ഓഫീസർ,മലപ്പുറം
പകർപ്പ് :

1. സൂപ്രണ്ട് എ & പ്ലാനിംഗ് സെക്ഷൻ
2. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം
സൂപ്രണ്ട്